# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *116** — **04.02.2019-ൽ മറുപടിയ്ക്ക്**

## ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. വിൻസെന്റ്**<br>**ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.വി.എസ്.ശിവകുമാർ**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) നിലവിൽ പത്ത് നഗരങ്ങളിലുള്ള മെട്രോ പദ്ധതി അൻപത് ഇടങ്ങളിലേക്ക് വ്യാപിപ്പിക്കുവാനുള്ള കേന്ദ്ര നയം തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് എത്രമാത്രം സഹായകരമാണ്; വിശദമാക്കാമോ; | (എ) സമീപഭാവിയിൽ 50-ഓളം നഗരങ്ങളിൽ മെട്രോ റെയിൽ നടപ്പിലാക്കണമെന്നാണ് കേന്ദ്രസർക്കാർ ആഗ്രഹിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ഔദ്യോഗിക രേഖകൾ ഒന്നും പുറപ്പെടുവിച്ചതായി അറിവില്ല. |
| (ബി) ലൈറ്റ് മെട്രോയുടെ സാധ്യതകളെക്കുറിച്ച് പഠിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ മന്ത്രിസഭ തീരുമാനം എടുക്കുന്നതിന് വന്നിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ പദ്ധതിരേഖ പരിശോധിക്കുന്നതിനായി സംസ്ഥാന സർക്കാർ നിയോഗിച്ച സെക്രട്ടറിതല സമിതിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടും, പുതുക്കിയ രൂപരേഖയും മന്ത്രിസഭയുടെ പരിഗണനയ്ക്ക് താമസിയാതെ വരുന്നതാണ്. |
| (സി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്ന ജോലി ഏത് ഘട്ടത്തിലാണ്; ഇതിനോടനുബന്ധിച്ചുള്ള മേൽപ്പാല | (സി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിക്കായുള്ള സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടില്ല. ഇതിനോടനുബന്ധിച്ച് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ |

നിർമ്മാണങ്ങളുടെ സാമൂഹിക ആഘാത പഠനം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

മേൽപ്പാല നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ശ്രീകാര്യം മേൽപ്പാലത്തിന്റെ സാമൂഹികാഘാത പഠനം പൂർത്തിയാക്കുകയും, സ്ഥലമെടുപ്പിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ഉള്ളൂർ മേൽപ്പാലത്തിനായുള്ള സാമൂഹികാഘാത പഠനം പുരോഗമിച്ചു വരുന്നു. പട്ടം മേൽപ്പാലത്തിനായുള്ള സാമൂഹികാഘാത പഠനം ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

**(ഡി)** ലൈറ്റ് മെട്രോപാതക്ക് ഇരുവശവും 500 മീറ്റർ മെട്രോ ഇടനാഴിയായി പ്രഖ്യാപിച്ച് അവിടങ്ങളിലെ കെട്ടിട നികുതി വർദ്ധിപ്പിക്കണമെന്ന നിർദ്ദേശമുണ്ടോ;

(ഡി) ലൈറ്റ് മെട്രോ പാതയുടെ ഇരുവശവും 500 മീറ്റർ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ നികുതി വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ പുതുക്കിയ മെട്രോ നയത്തിനനുസൃതമായി ഡി.എം.ആർ.സി. തയ്യാറാക്കി സമർപ്പിച്ച ഡി.പി.ആറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**(ഇ)** പുതിയ കേന്ദ്ര നയത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(ഇ) തിരുവനന്തപുരത്തും, കോഴിക്കോട്ടും ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ രൂപരേഖ സംസ്ഥാന മന്ത്രിസഭയുടെ പരിഗണനയ്ക്ക് വരുന്നതാണ്. മന്ത്രിസഭയുടെ അംഗീകാരം ലഭ്യമായ ശേഷം കേന്ദ്രാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ